"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്- ജീവനക്കാര്യം - റാന്നി ഡിവിഷനിൽപ്പെട്ട റാന്നി റെയിഞ്ചിലെ ഷേത്തക്കൽ റിസർവ്വ് വനത്തിലെ വ്യാപകമായ അനധികൃത മരംമുറിയും വനം കൊള്ളയും റവന്യൂ പുറമ്പോക്കെന്ന വ്യാജേന പാറ ഖനനത്തിനായി നൽകുന്നതിനുള്ള ശ്രമവും - അച്ചടക്ക നടപടി- ഔപചാരികാന്വേഷണത്തിന് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

G.O.(Rt)No.33/2023/F&WLD തീയതി,തിരുവനന്തപുരം, 25-01-2023

പരാമർശം:-

1. കോട്ടയം (ഐ.&ഇ. ) ഫോറസ്റ്റ് കൺസർവേറ്ററുടെ 11.06.2020ലെ വി.എസ്.പി.698/2020 നമ്പർ കത്ത്.
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) ന്റെ 23.06.2020-ലെ Pro.12-10826/2019 നമ്പർ കത്ത്.
3. 17.03.2021-ലെ എ2/46/2020/വനം നമ്പർ കുറ്റപത്രം/ കുറ്റാരോപണ പത്രിക.
4. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 22.09.2022-ലെ ബി3/2799/2022 നമ്പർ കത്ത്.

**ഉത്തരവ്**

റാന്നി ഡിവിഷനിലെ റാന്നി റെയിഞ്ചിൽ വരുന്ന ഷേത്തക്കൽ റിസർവ്വ് വനത്തിൽപ്പെട്ട സർവ്വെ നമ്പർ 781/1-1-ൽ ഉൾപ്പെട്ട 4.344 ഹെക്ടർ വനഭൂമിയിൽ 2019-ൽ വ്യാപകമായി മരംമുറിച്ച് 1980-ലെ വനസംരക്ഷണ നിയമം സെക്ഷൻ 2 ലംഘിച്ചുകൊണ്ട് പാറഖനനത്തിനായി തല്പരകക്ഷികൾ കൈയ്യേറ്റം നടത്തുകയുണ്ടായി. വനസംരക്ഷണ നിയമം നടപ്പിലാക്കാൻ നിയമപരമായി ബാദ്ധ്യസ്ഥരായ റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റാന്നി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, കരികുളം ഫോറസ്റ്റ് സ്റ്റേഷൻ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഉൾപ്പെടെയുള്ള വനം ജീവനക്കാർ ടി നിയമലംഘനത്തിന് നടപടി സ്വീകരിച്ചില്ലായെന്നു മാത്രമല്ല റിസർവ്വ് വനത്തിൽ പാറഖനനത്തിനായുള്ള അനുമതി ലഭ്യമാക്കുന്നതിനായി ടി സ്ഥലം റവന്യൂ പുറമ്പോക്ക് ആണെന്ന വ്യാജവാദം ഉന്നയിച്ച് തല്പരകക്ഷികൾക്ക് വേണ്ട ഒത്താശ ചെയ്തുകൊടുത്തുവെന്ന് കോട്ടയം (ഐ.&ഇ. ) കൺസർവേറ്റർ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തുകയും പരാമർ ശം ( 1 ) പ്രകാരം സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ കുറ്റാരോപിതർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കാൻ ഫോറസ്റ്റ് മാനേജ്മെന്റ് വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി. തുടർന്ന് 1980-ലെ കേന്ദ്രവനസംരക്ഷണ നിയമത്തിന്റെയും, 1961-ലെ കേരള വനനിയമത്തിന്റെയും ലംഘനങ്ങൾക്ക് റാന്നി ഫ്ലൈയിംഗ്

സ്ക്വാഡ് 01.06.2020-ൽ ഒ.ആർ.1/2020 ആയി കേസ് രജിസ്റ്റർ ചെയ്തു. ടി കുറ്റകൃത്യത്തിൽ 72,90,549/- രൂപയുടെ സർക്കാർ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ട് മേൽ വിഷയത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.ആർ.അധീഷ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ സർവ്വശ്രീ.റ്റി.ലിതേഷ്, പി.ജി.ബാലമുരളി എന്നിവർക്ക് പരാമർശം (3) പ്രകാരം 1960- ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) റൂൾ സ് 15 പ്രകാരം കഠിനശിക്ഷയുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

എന്നാൽ കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദ പത്രികയിലെ വാദങ്ങൾ പരിശോധിച്ചതിൽ കുറ്റപത്രത്തിലെ ടിയാന്മാർക്കെതിരെയുള്ള ചാർജ്ജുകൾ പ്രതിരോധിക്കുന്നതിന് പര്യാപ്തമായ വാദഗതികൾ ഒന്നും ഉന്നയിച്ചിട്ടില്ലെന്നും അച്ചടക്കനടപടി തുടരാവുന്നതാണെന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു ഈ വിഷയത്തിൽ കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനും വസ്തുതകൾ പുറത്തുകൊണ്ടു വരുന്നതിനുമായി ഔപചാരികാന്വേഷണം നടത്തുന്നതിനും അന്വേഷണാധികാരിയായി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (എച്ച്.ആർ.ഡി) ശ്രീ.ഡി.കെ.വിനോദ്കുമാർ ഐ.എഫ്.എസിനെയും, പ്രസെന്റിങ് ഓഫീസറായി ശ്രീ.ജോൺ മാത്യു വർക്കിംഗ് പ്ലാൻ ഓഫീസർ, അച്ചൻകോവിലിനെയും നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. കുറ്റാരോപിതരിൽ നിന്ന് സർക്കാർ നഷ്ടം ഈടാക്കാനുണ്ടെങ്കിൽ നഷ്ടത്തിന്റെ ആനുപാതിക വിഹിതം കൂടി കണക്കാക്കി അന്വേഷണ റിപ്പോർട്ട് കർശനമായും 2 മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SEETHA S LEKSHMI
UNDER SECRETARY

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.ആർ.അധീഷ്,റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

ശ്രീ.പി.ജി.ബാലമുരളി, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

ശ്രീ.റ്റി.ലിതേഷ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ്

ഫോറസ്റ്റ്(ഭരണം) മുഖേന)

ശ്രീ.ഡി.കെ.വിനോദ്കുമാർ, ഐ.എഫ്.എസ്,

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (എച്ച്.ആർ.ഡി.)

ശ്രീ.ജോൺ മാത്യു, വർക്കിംഗ് പ്ലാൻ ഓഫീസർ,അച്ചൻകോവിൽ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shaji A M
സെക്ഷൻ ഓഫീസർ
Date: 25-01-2023 10:16:55